# യേശുവും "ക്ഷമിക്കപ്പെടാത്ത പാപവും"

## (മത്തായി 12:22-35)

ഒരു പരീക്ഷണത്തോടുകൂടി ഈ പാഠം ആരംഭിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. നിങ്ങൾ കഴിഞ്ഞമാസം ആനകളെ കുറിച്ചു ചിന്തിച്ചില്ലെങ്കിൽ, ദയവു ചെയ്തു തലയാട്ടുക.[1] ഒരു പക്ഷേ നിങ്ങൾ തലയാട്ടിയിരിക്കും. ഇനി ഈ പരീക്ഷണത്തിന്റെ രണ്ടാം ഭാഗമായി: അടുത്ത പതിനഞ്ചു സെക്കന്റു വരെ, ആനകളെകുറിച്ചു ചിന്തിക്കാ*തിരിക്കുക*.

ഒന്നുകിൽ നിങ്ങൾ ആനകളെ കുറിച്ചു ചിന്തിച്ചിരിക്കാം അല്ലെങ്കിൽ, ചിന്തിക്കാൻ പേടി കാണും ഇല്ലേ? മാസങ്ങളായി നിങ്ങൾ ആനകളെ കുറിച്ചു ചിന്തിച്ചിരിക്കാൻ ഇടയില്ല, എങ്കിലും, "ആനകളെ കുറിച്ചു ചിന്തിക്കരുത്," എന്നു പറഞ്ഞതുകൊണ്ടു അങ്ങനെ ചിന്തിക്കാതിരിക്കാൻ നിങ്ങൾ വിഷമിക്കേണ്ടി വരുന്നു.

ബൈബിളിലെ ഈ വാക്യം ഞാനൊരു കുട്ടിയായിരുന്ന സമയത്തുണ്ടായ അനുഭവം ഇതായിരുന്നു:

> അതു കൊണ്ടു ഞാൻ നിങ്ങളോടു പറയുന്നതു, സകല പാപവും ദൂഷണവും മനുഷ്യരോടു ക്ഷമിക്കും, ആത്മാവിനു നേരെയുള്ള പാപമോ ക്ഷമിക്കയില്ല. ആരെങ്കിലും മനുഷ്യ പുത്രന്നു, നേരെ ഒരു വാക്കു പറഞ്ഞാൽ അതു അവനോടു ക്ഷമിക്കും; പരിശുദ്ധാത്മാവിനു, നേരെ പറഞ്ഞാലോ ഈ ലോകത്തിലും, വരുവാനുള്ളതിലും അവനോടു ക്ഷമിക്കയില്ല (മത്തായി 12:31, 32).

എന്റെ ജീവിതത്തിൽ ഞാൻ പരിശുദ്ധാത്മാവിനെതിരായി ചിന്തിക്കുകയോ മോശമായി പറയുകയോ ചെയ്തിട്ടില്ല. ഈ ഭാഗം വായിച്ചപ്പോൾ, എങ്ങനെയായാലും, ഞാൻ വിചാരിച്ചതു, എന്നിൽ

"പരിശുദ്ധാത്മാവിനു മോശമായ ഒരു ചിന്തയും വരാൻ പാടില്ല," എന്നാണ്. എന്നാൽ അതിനെതിരായി ഞാൻ *പോരാടിക്കൊണ്ടിരുന്നു.* നിങ്ങൾക്കുളളിൽ മോശമായ ചിന്തയുണ്ടായാൽ, നിങ്ങൾ മറ്റെന്തിനെയെങ്കിലും കുറിച്ചു ചിന്തിക്കണം എന്നു ഞാൻ വായിച്ചിട്ടുണ്ട്. മത്തായി 12:31, 32, വാക്യങ്ങൾ വായിച്ച ശേഷം കുറച്ചു നാളത്തേക്കു "ദിസ്റ്റാർ സ്പാംഗിൾഡ് ബാനർ" എന്ന പാട്ട് എന്റെ മനസ്സിൽ പാടിക്കൊണ്ടിരുന്നു. അങ്ങനെ എന്റെ ഉളളിൽ പരിശുദ്ധാത്മാവിനെ കുറിച്ചു മോശമായ ചിന്ത ഉണ്ടാകുകയില്ല എന്നും ചിന്തിച്ചു.

ഞാനതു ആലോചിക്കാതെ ചെയ്തതാകാം, എന്നാൽ ക്ഷമിക്കപ്പെടാത്ത പാപമായ, പരിശുദ്ധാത്മാവിനെതിരായുളള ദൂഷണത്തെക്കുറിച്ചു നാം പഠിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു മറ്റൊരു രീതിയിൽ അതു പഠിക്കുവാനാണ് ഞാൻ താല്പര്യപ്പെടുന്നത്. വിഷയത്തെ നമുക്കു *സന്ദർഭത്തിൽ* നിന്ന് എടുക്കാൻ ഞാൻ ഇഷ്ടപ്പെടുന്നു, ഈ വിഷയത്തെ ഒരു വെളിപ്പെടുത്തൽ പാഠം എന്ന സമീപനത്തിൽ ഞാൻ കേൾക്കുകയോ വായിക്കുകയോ ചെയ്തിട്ടില്ല. പക്ഷെ ആ സമീപനമാണ് നാം ഈ പാഠത്തിൽ നടത്തുന്നത്.

നിര്യാതനായ. ജി. സി. ബ്രീവർ പറയുകയുണ്ടായി. തന്നോടു നിരവധി ആളുകൾ പരിശുദ്ധാത്മാവിനെതിരായുളള ദൂഷണ ത്തെക്കുറിച്ചു ചോദിച്ചിട്ടുണ്ട്. ചോദിച്ച ആളുകൾ നാലു തരത്തിൽ പെടുന്നു: (1) ചിലർ അതെന്തായിരുന്നു എന്നറിയുവാൻ ആത്മാർ ത്ഥമായി ആഗ്രഹിച്ചിരുന്നവർ, (2) വേറെ ചിലർ ആകാക്ഷയു ളളവരായിരുന്നു, (3) ചിലർ തങ്ങൾക്കു പ്രിയമായ സിദ്ധാന്തം ഉറപ്പിക്കാൻ വേണ്ടിയായിരുന്നു, (4) മറ്റൊരു കൂട്ടം തെറ്റിൽ ഭയന്നു കൊണ്ടാണ്. നാലാമത്തെ ഇനത്തിൽ, പെട്ടവരെ കുറിച്ചു പറഞ്ഞാൽ ആത്മാർത്ഥരും വിശ്വസ്തരുമായ ദൈവമക്കൾ ക്ഷമിക്കപ്പെടാത്ത പാപം ചെയ്തു, എന്നതിന്റെ പേരിൽ വർഷങ്ങൾ ഭയത്തിൽ കഴിച്ചതായി ഞാൻ കണ്ടിട്ടുണ്ട്. മൂന്നു വർഷത്തോളം ഇതിൽ വിഷമം നേരിട്ട ഒരു സ്നേഹിതൻ, എനിക്കുണ്ടായിരുന്നു. അയാൾ എന്നെ ഇടയ്ക്കിടയ്ക്കു - ചിലപ്പോൾ ആഴ്ചയിലൊരിക്കലോ രണ്ടു പ്രാവശ്യമോ - എന്നെ വിളിച്ചു താൻ ഈ പാപം ചെയ്തിട്ടില്ല എന്നു വീണ്ടും ഉറപ്പു വരുത്തുമായിരുന്നു.

ഈ വേദഭാഗത്തിൽ പ്രതിപാദിക്കുന്ന കാര്യങ്ങൾക്കുപരി ഈ പാപത്തെപ്പറ്റി എല്ലാം എനിക്കറിഞ്ഞുകൂടാ, പക്ഷേ അനേക കാര്യങ്ങൾ ഞാൻ വർഷങ്ങളായി പഠിച്ചിട്ടുണ്ട്: (1) ഇതു വെറുതെ ഒന്നു ചിന്തിച്ചാൽ പാപമാകുന്നതല്ല, അല്ലെങ്കിൽ എന്തെങ്കിലും വിഡ്ഢിത്തം പരിശുദ്ധാത്മാവിനെകുറിച്ചു പറയുന്നതുമല്ല. നിങ്ങൾ വെറുതെയെങ്കിലും ഒരിക്കൽ പറയുന്നതു പാപമായി തീരുന്നതല്ല (2) നിങ്ങൾ കാലാവസ്ഥയെ കുറിച്ചു വിചാരപ്പെട്ടാലും ഇല്ലെങ്കിലും

ചെയ്യുന്ന പാപമല്ല ഇത്. (ആ പ്രസ്താവനയുടെ കാരണം നാം മുൻപോട്ടു പോകുമ്പോൾ വ്യക്തമാകും എന്നു ഞാൻ കരുതുന്നു).

നമുക്കു മത്തായി 12-ലേയ്ക്കുതിരിയാം (നിങ്ങൾ മർക്കൊസ് 3[2]-ലെ ഒരു വാക്യ സൂചനകൾ പരിശോധിക്കുക, ധാരാളം സൂചനകൾ ഈ അദ്ധ്യായത്തിൽ ശ്രദ്ധിക്കേണ്ടതുണ്ട്)

യേശു തന്റെ വലിയ ഗലീലാ ശുശ്രൂഷയിൽ തിരക്കുളള വനായിരുന്നു; ഒരുപക്ഷേ അവൻ കഫർന്നഹൂമിലേയ്ക്കു മടങ്ങി വന്നിരിക്കാം. ''അനന്തരം ചിലർ കുരുടനും ഊമനുമായൊരു ഭൂതഗ്രസ്തനെ അവന്റെ അടുക്കൽ കൊണ്ടു വന്നു, ഊമൻ കാണുകയും സംസാരിക്കുകയും ചെയ്യാൻ തക്കവണ്ണം അവൻ അവനെ സൗഖ്യമാക്കി" (വാക്യം 22). ഒരാളിൽ ഒറ്റയടിയ്ക്ക് മൂന്ന് അത്ഭുതങ്ങളാണ് സംഭവിച്ചത്: അന്ധനായിരുന്ന വ്യക്തിയ്ക്ക് യേശു കാഴ്ച നൽകി, സംസാരിക്കാൻ കഴിയാതിരുന്ന ഈ വ്യക്തിക്കു സംസാരശേഷി നല്കി, അവനിലുണ്ടായിരുന്ന ഭൂതത്തെയും യേശു പുറത്താക്കി.

“പുരുഷാരം ഒക്കെയും വിസ്മയിച്ചു, പറഞ്ഞു തുടങ്ങി, ‘ഇവൻ ദാവീദിന്റെ പുത്രൻ തന്നെയോ എന്നു പറഞ്ഞു?’ '' (വാക്യം 23). “ഇവൻ ദാവീദിന്റെ പുത്രൻ *ആയിരിക്കുമോ?*'' എന്നാണ് മറ്റൊരു തർജ്ജിമ പറയുന്നത്. ''ദാവീദിന്റെ പുത്രൻ'' എന്നത് സൂചിപ്പിച്ചത് മശിഹയായിട്ടാണ്. ആളുകൾ പറഞ്ഞിരുന്നു, “യേശു മശിഹയുടെ പ്രവൃത്തികൾ ചെയ്തിരുന്നു എന്നാൽ ഞങ്ങൾ വിചാരിച്ചിരുന്നതുപോലെ മശിഹാ ളോഹ ധരിച്ചിരുന്നില്ല. അവൻ ആഡംബരത്തോടു കൂടിയും ആയിരുന്നില്ല.'' അവരുടെ മനസ്സിലുണ്ടായിരുന്നത് അവൻ മശിഹ, ആയിരുന്നുവോ എന്നായിരുന്നു.

**അപകീർത്തിപരമായ ആമുഖം**
**(മത്തായി 12:24-30)**

നമ്മുടെ വേദഭാഗത്തിലെ സന്ദർഭത്തിൽ നാം എത്തിയിരിക്കുന്നതിനെ ഞാൻ വിളിക്കുന്നതു “അപകീർത്തിപരമായ ആമുഖം” വാക്യം 24 തുടങ്ങുന്നു, “ഇതു കേട്ടിട്ടു പരീശന്മാർ” ഈ പരീശന്മാർ ആ പാപം ചെയ്തതു കൊണ്ട് യേശു അതിനെ ക്ഷമിക്കപ്പെടാത്ത പാപം എന്നു വിളിച്ചു, നാം അതെന്തെന്ന് അറിയണം. നമുക്കു ഈ സന്ദർഭത്തിൽ നിന്നു എല്ലാ വശവും നോക്കാം. മത്തായി 11-ലേക്കു പോയാൽ പരീശന്മാർ യേശു പോകുന്നേടത്തെല്ലാം അവനെ അനുഗമിച്ചിരുന്നതായി കാണാം. അവർ യേശുവിനെ വിമർശിച്ചു; അവനെ സൂത്രത്തിൽ കുടുക്കുവാൻ നോക്കി. അവനെ അപകീർത്തി വരുത്തുവാൻ എന്തെല്ലാം പറയാമോ അതെല്ലാം അവർ പറഞ്ഞു.

മത്തായി 11:19-ൽ അവനെ അവർ ''തിന്നിയും, കുടിയനും ചുങ്കക്കാരുടേയും പാപികളുടേയും സ്നേഹിതൻ!" എന്നു പറഞ്ഞ് അക്ഷേപിച്ചിരിക്കുന്നു. മത്തായി 12-ൽ, ആരംഭത്തിൽ രണ്ടു പ്രാവശ്യം യേശു ശബ്ബത്തു ലംഘിക്കുന്നതായി ആരോപിച്ചു. ഇതു നമ്മെ ഒരു മുഖ്യ വാക്യത്തിലേയ്ക്കു കൊണ്ടു വരുന്നു: "പരീശന്മാർ പുറപ്പെട്ടു, അവനെ *നശിപ്പിപ്പാൻ* വേണ്ടി അവനു വിരോധമായി, തമ്മിൽ ആലോചിച്ചു" (മത്തായി 12:14; എംഫസിസ് മൈൻ).

യേശുവിന്റെ ക്ഷമിക്കപ്പെടാത്ത പാപത്തെക്കുറിച്ചുളള പ്രസ്താവനയോടു നാം അടുക്കുമ്പോൾ ഓർക്കേണ്ടതു, യേശുവിന്റെ ശുശ്രൂഷയെക്കുറിച്ചു വിശ്വസ്തരായ ദൈവമക്കൾ സൂചിപ്പിച്ച വിഡ്ഢിത്ത വാക്കുകളെ കുറിച്ചല്ല നാം സംസാരിക്കുന്നത് എന്നത്രേ. നാം സംസാരിക്കുന്നതു വളരെ നാളുകൾ വഴിനടന്നു വന്നവ രെക്കുറിച്ചാണ്. മത്തായി 12:24-ൽ അവർ പറഞ്ഞതുസ്വാഭാവികമായും അവർ സ്വീകരിച്ചിരിക്കുന്ന ദിശയുടെ അമിത വളർച്ച തന്നെയാണ്.

ഇനി നമുക്കു 24-ാം വാക്യം തീർക്കാം: "ഇതുകേട്ടിട്ടു പരീശന്മാർ, 'ഇവൻ ഭൂതങ്ങളുടെ തലവനായ ബെയെൽ സെബൂലിനെ കൊണ്ടല്ലാതെ ഭൂതങ്ങളെ പുറത്താക്കുന്നില്ല എന്നു പറഞ്ഞു' ".

യേശുക്രിസ്തുവിന്റെ അത്ഭുതങ്ങൾക്കു മൂന്നു സവിശേഷതകൾ ഉണ്ടായിരുന്നു (1) അവ ഉടനെ സംഭവിച്ചു, (2) അവ പൂർണ്ണമായിരുന്നു, (3) അവ *ബോധ്യമാകുന്നതായിരുന്നു.* യേശു അത്ഭുതങ്ങൾ ചെയ്തതു ആരും നിഷേധിക്കയില്ല. അവന്റെ ശത്രുക്കൾ പോലും അവൻ അത്ഭുതം ചെയ്തതിനെ നിഷേധിച്ചില്ല. മറിച്ച്, അവർ പറഞ്ഞു, "അതെ, അവൻ അത്ഭുതം ചെയ്തു പക്ഷെ അതു *മന്ത്രവാദ*ത്താലായിരുന്നു". ഈ സന്ദർഭത്തിൽ, അവൻ "ബെയൽസെബലിനെ" കൊണ്ടു ചെയ്യിക്കുന്നു എന്നാണ്. അതു ''സാത്താന്റെ'' പേരറിയാത്ത നാമമാണ് അവർ ഉപയോഗിച്ചത് (വാക്യം 26). പരീശന്മാർ പറഞ്ഞതു, ''യേശുവിനു സാത്താനുമായി ബന്ധമുണ്ട് അതുകൊണ്ടാണ് അവനു ഭൂതങ്ങളെ പുറത്താക്കാൻ കഴിയുന്നത് എന്നാണ്."

ഈ ദൂഷണം യേശുവിന്റെ മരണം കൊണ്ടും അവസാനിച്ചില്ല എന്നതാണ് വന്നു കൂടിയ സംഭവം തെളിയിക്കുന്നത്. യെഹൂദ്യ ചരിത്രകാരന്മാർ നമുക്കു തരുന്ന വിവരം അനുസരിച്ചു പിൽക്കാലത്തെ യെഹൂദ ക്ഷമായാലുക്കളും യേശു അത്ഭുതങ്ങൾ ചെയ്തതു മന്ത്രവാദത്താലോ ക്ഷുദ്രപ്രയോഗത്താലോ ആയിരുന്നു എന്നു അവകാശപ്പെട്ടുകൊണ്ടിരുന്നു എന്നത്രെ. അവർക്കു യേശു ചെയ്ത അത്ഭുതങ്ങൾ നിഷേധിക്കാനാകാത്തതു കൊണ്ട്; അശുദ്ധാത്മാവിനാ ലാണ്, യേശു അതു ചെയ്തതെന്ന് അവർ പറഞ്ഞു.

25-ാംവാക്യം, അനുസരിച്ചു യേശു യെഹൂദന്മാരുടെ വിചാരം അറിഞ്ഞിരുന്നു. അവർ ഈ ദൂഷണ പ്രസ്താവന യേശു കേൾക്കെയല്ല

പറഞ്ഞത്; യേശുവിനെ, അപകീർത്തിപ്പെടുത്താൻ മറ്റെവിടെയോ ആണ് പറഞ്ഞത്, എങ്ങനെയായാലും, അവരുടെ വിചാരം യേശു അറിഞ്ഞു. ദയവായി ശ്രദ്ധിക്കുക അതുകൊണ്ടു ചില *വാക്കുകൾക്കു* മാത്രമായുള്ള പ്രതികരണമായിരുന്നില്ല യേശുവിന്റേത്. യേശു *അവരുടെ ഹൃദയങ്ങളിലേയ്ക്കും* മനസ്സുകളിലേയ്ക്കും നോക്കി. *അങ്ങനെയായിരുന്നു* അവന്റെ പ്രതികരണം.

''അവൻ അവരുടെ നിരൂപണം അറിഞ്ഞു അവരോടു പറഞ്ഞതു ...'' അവർ പറഞ്ഞതു അർത്ഥശൂന്യമാണെന്നതിനു യേശു മൂന്നു വാദഗതികൾ നിരത്തി. ആദ്യത്തെ വാദഗതി ''നിങ്ങൾ പറയുന്നതു *യുക്തിരഹിതമാണ്*'' എന്നു അവൻ പറഞ്ഞു:

> "ഒരു രാജ്യം തന്നെ തന്നെ ഛിദ്രിച്ചു എങ്കിൽ ശൂന്യമാകയും; ഒരു പട്ടണമോ ഗൃഹമോ തന്നിൽ തന്നെ ഛിദ്രിച്ചു എങ്കിൽ നിലനില്ക്കയില്ല. സാത്താൻ സാത്താനെ, പുറത്താക്കുന്നുവെങ്കിൽ അവൻ തന്നിൽ തന്നെ ഛിദ്രിച്ചു പോയല്ലോ; പിന്നെ അവന്റെ രാജ്യം എങ്ങനെ നിലനിൽക്കും?" (വാക്യം 25, 26).

അവർ പറഞ്ഞതു വാസ്തവമാണെങ്കിൽ സാത്താൻ തന്നോടു തന്നെ യുദ്ധത്തിൽ ഏർപ്പെട്ടിരിക്കയാണ്. അപ്പോൾ അവൻ തന്നെ നശിപ്പിക്കുന്ന നടപടിയിലാണ്. സാത്താൻ ബുദ്ധി ശൂന്യനാണെന്നാണിതു തെളിയിക്കുന്നത്. സാത്താനെ – കുറിച്ചുള്ള ധാരാളം ആക്ഷേപങ്ങളുണ്ട് – ദുഷ്ടതയുടെ മൂർത്തി മത്ഭാവമാണ് – എന്നാൽ അവൻ ബുദ്ധിശൂന്യനല്ല. അതുകൊണ്ടു, യേശു പറഞ്ഞു, "നിങ്ങൾ പറയുന്നതു യുക്തിരഹിതമാണ്."

രണ്ടാമതായി , അവർ പറയുന്നതു, *ചേർച്ചയില്ലാത്തതാണ്.* "എന്നു യേശു പറഞ്ഞു. ഞാൻ ബെയൽസെബൂലിനെ കൊണ്ടു ഭൂതങ്ങളെ പുറത്താക്കുന്നുവെങ്കിൽ, നിങ്ങളുടെ മക്കൾ ആരെകൊണ്ടു പുറത്താക്കുന്നു? ക്രമേണ അവർ നിങ്ങളുടെ ന്യായാധിപൻമാർ ആകുന്നു'' (വാക്യം 27). ബാധ ഒഴിപ്പിക്കൽ അക്കാലത്തു യെഹൂദന്മാർക്കിടയിലെ പൊതു പരിശീലനമായിരുന്നു; പ്രവർത്തികളുടെ പുസ്തകത്തിൽ അതിനുള്ള ഉദാഹരണങ്ങൾ കാണാം. യേശുവും അപ്പൊസ്തലന്മാരും ചെയ്തതായിരുന്നില്ല യെഹൂതന്മാർ ചെയ്തതെന്നു ലൗകിക ചരിത്രം വ്യക്തമാക്കുന്നുണ്ട്. യെഹൂദ ബാധ ഒഴിപ്പിക്കൽ നീണ്ട മന്ത്രവാദവും രഹസ്യ വസ്തുക്കളും ഉൾപ്പെടുന്നതായിരുന്നു. യേശു ഭൂതത്തോടു, ''വിട്ടു പോകുക'' എന്നു *പറഞ്ഞപ്പോൾ* പോയതും അവർ ചെയ്യുന്നതും തമ്മിൽ വളരെ അന്തരമുണ്ടായിരുന്നു. തങ്ങളുടെ ശിഷ്യന്മാർ ഭൂതങ്ങളെ പുറത്താക്കുന്നു എന്നു *അവകാശപ്പെട്ടിരുന്നവരാണ്* യെഹൂദന്മാർ. അവർ വാസ്തവത്തിൽ അതു ചെയ്യുന്നുണ്ടോ എന്നതു

വേറെ കാര്യം. അവർ അതു ചെയ്തിരുന്നതായി പരീശന്മാർ *വിശ്വസിച്ചിരുന്നു.* അങ്ങനെ, യേശു അവരുടെ വാദഗതി എടുത്തു, അവർക്കെതിരായി ഉപയോഗിച്ചു. യുക്തിപരമായി അതിനെ ഖണ്ഡിച്ചുകൊണ്ടു അതു അസംബന്ധമാണെന്നു തെളിയിച്ചു കാണിച്ചു. യേശു പറഞ്ഞു, "ഞാൻ സാത്താന്റെ ശക്തിയാൽ ഭൂതങ്ങളെ പുറത്താക്കുന്നുവെങ്കിൽ, നിങ്ങളുടെ ശിഷ്യന്മാരും ചെയ്യുന്നതു അതേ രീതിയിലായിരിക്കും'' എന്നാണ്. "തീർച്ചയായും, പരീശന്മാർ അതു സ്വീകരിക്കാൻ തയ്യാറായില്ല. അതാണ് യേശു വാദിച്ചതു," നിങ്ങൾ പറയുന്നതു "ചേർച്ചയില്ലാതെയാണ്" എന്ന്.

യേശു തുടർന്നു: ''ദൈവാത്മാവിനാൽ ഞാൻ ഭൂതങ്ങളെ പുറത്താക്കുന്നു എങ്കിൽ ദൈവരാജ്യം നിങ്ങളുടെ അടുക്കൽ വന്നെത്തിയിരിക്കുന്നു സ്പഷ്ടം" (വാക്യം 28). രാജ്യം സ്ഥാപിച്ചു കഴിഞ്ഞു എന്നല്ല യേശു പറഞ്ഞതു; പ്രവൃത്തി 2-ൽ, പറയുന്നതുവരെ അതു സംഭവിച്ചിട്ടില്ലായിരുന്നു. അവൻ ഉപയോഗിച്ച ഉപസംഹാരം എന്തെന്നാൽ ആളുകൾ ശരിയായി എന്നാണ്: മശിഹ *വന്നു*, സങ്കീർത്തനം2ഉം മറ്റു വേദഭാഗങ്ങളും ഊന്നി പറയുന്നതു പ്രകാരം മശിഹ രാജാവായി വരണം, രാജാവു വന്നു എങ്കിൽ ഏതാണ്ട് രാജ്യത്തിന്റെ ആവിർഭാവം കുറിക്കുന്നു എന്നർത്ഥം. ആങ്ങനെ യേശു പറഞ്ഞതു ഭൂതങ്ങളുടെ തലവനായ ബെയൽസെബുലിനെകൊണ്ടു പുറത്താക്കുന്നതിനു പകരം, രാജാവായി വന്നവനാണ് അവയെ പുറത്താക്കിയത്! അവർ നോക്കി പാർത്തിരുന്ന രാജാവു വന്നു. അവരുടെ ഹൃദയങ്ങളും കണ്ണുകളും തുറന്നാൽ മാത്രമേ അവർക്കതു കാണാൻ കഴിയുമായിരുന്നുള്ളൂ!

28-ാം വാക്യത്തിലെ ഈ പ്രയോഗം അടിവരയിടുക ''ദൈവാത്മാവിനാൽ'' യേശു ഊന്നി പറഞ്ഞതു, ''ഞാൻ ഇതു ചെയ്തതു ബെയൽസെബൂലിന്റെ ആത്മാവിനെ കൊണ്ടല്ല, ദൈവാത്മാവിനാലത്രേ."

യേശുവിന്റെ മൂന്നാമത്തെ വാദഗതി എന്തെന്നാൽ ''നിങ്ങൾ പറയുന്നതു *അസാദ്ധ്യമാണ്.*" അവൻ പറഞ്ഞു, "ബലവാനെ പിടിച്ചു കെട്ടീട്ടല്ലാതെ ബലവാന്റെ വീട്ടിൽ കടന്നു അവന്റെ കോപ്പു കവർന്നു കളവാൻ എങ്ങനെ കഴിയും? പിടിച്ചു കെട്ടിയാൽ പിന്നെ അവന്റെ വീടു കവർച്ച ചെയ്യാം'' (വാക്യം 29). ഈ ചെറിയ ഉപമയിൽ (മർക്കൊസ് 3-ൽപറഞ്ഞിരിക്കുന്നതു പോലെ) *ബലവാൻ* സാത്താനാണ്. നിങ്ങളുടെ എതിരാളിയെ ഒരിക്കലും വിലകുറച്ചു കാണരുത്. *ശക്തനായ* എതിരാളി എന്നാണ് പിശാചിനെ വിളിച്ചിരിക്കുന്നത്. യേശു വിന്റെ ചിത്രീകരണം, ശക്തനായവൻ വന്നു അവനെ പിടിച്ചു കെട്ടിയാൽ, പിന്നെ അവന്റെ വീട് കവർച്ച ചെയ്യാം. ഇതായിരുന്നു വസ്തവത്തിൽ അവൻ ഭൂതങ്ങളെ

പുറത്താക്കിയിരുന്നപ്പോൾ ചെയ്തത്.

സാത്താനെ പിടിച്ചു "കെട്ടുക" എന്ന വിഷയം ആകർഷണീയമായ ഒന്നാണ്. മനുഷ്യരുടെ മേലുള്ള അവന്റെ സ്വാധീനവും ശക്തിയും നിയന്ത്രിക്കുക എന്നതാണ് സാത്താനെ പിടിച്ചുകെട്ടുക എന്നതിന്റെ അർത്ഥം. യേശു ക്രൂശിൽ മരിച്ചപ്പോൾ സാത്താനെ ബന്ധിച്ചു; യേശുവിന്റെ മരണം, സാത്താന്റെ മനുഷ്യരുടെ മേലുള്ള അന്തിമശക്തി ഇല്ലാതാക്കി[3]. ഒരു കണക്കിൽ, പറഞ്ഞാൽ, മരുഭൂമിയിൽ – വച്ചു യേശു പിശാചിനാൽ പരീക്ഷിക്കപ്പെട്ടപ്പോൾ യേശു വിജയിച്ചതോടെ പിശാചിനെ പിടിച്ചു കെട്ടൽ ആരംഭിച്ചു എന്നു പറയാം. അതു തന്റെ ശുശ്രൂഷയിൽ ഉടനീളം നടക്കുന്നുണ്ട്. കയർ വലിച്ചു സാത്താനു ചുറ്റും മുറുക്കി, മുറുക്കി യേശുവിന്റെ ക്രൂശീകരണത്തോടെ കെട്ടു മുറുകുകയും ചെയ്തു.

തന്റെ ശക്തി സാത്താന്റെമേൽ പ്രയോഗിക്കുകയല്ലാതെ മറ്റൊരു വഴിയുമില്ല എന്നു യേശു ഇതിലൂടെ ഉറപ്പിക്കുകയായിരുന്നു; അവൻ സാത്താന്റെ *ശക്തിയാലല്ല* ഇതു ചെയ്തതു, പിന്നെയോ, തനിക്കു സാത്താന്റെ മേലുള്ള *അധികാരം* കാണിച്ചു കൊണ്ടാണ്!

ഫലത്തിൽ, യേശു പറഞ്ഞു, വലിയൊരു യുദ്ധം നടന്നു കൊണ്ടിരിക്കയാണ് – തനിക്കും സാത്താനും ഇടയിൽ ആണ്! അടുത്ത വാക്യത്തിൽ അവൻ പറഞ്ഞതു, ഈ ആത്മീയ യുദ്ധത്തിൽ എല്ലാ വ്യക്തികളും പങ്കുചേരണം: ''എനിക്കു അനുകൂലമല്ലാത്തവൻ എനിക്കു പ്രതികൂലമാകുന്നു; എന്നോടുകൂടെ ചേർക്കാത്തവൻ ചിതറിക്കുന്നു" (വാക്യം 30). യേശു ശിഷ്യന്മാരെ *ചേർത്തു* ദൈവ രാജ്യം സ്ഥാപിക്കുന്നതിനുള്ള പരിശ്രമത്തിലായിരുന്നു. മറുവശത്ത് പരീശന്മാർ അവനെ അപകീർത്തിപ്പെടുത്തി ശിഷ്യന്മാരെ ചിതറിക്കുവാൻ ശ്രമിക്കുന്നു. അവർ യേശുവിനെ പിൻപറ്റുന്നതു തടയുമാറാക്കി. യേശു പറഞ്ഞു (പരീശന്മാരോടു മാത്രമല്ല, നാം അടക്കം ഇന്നും ശ്രദ്ധിക്കുന്ന എല്ലാവരോടുമായി): "നിങ്ങൾ ഏതു പക്ഷത്തിലാണെന്നു നിങ്ങൾ തന്നെ തീരുമാനിക്കുക!" യേശുവിന്റെ അടുക്കലേയ്ക്കു വരുന്നതിനു നിഷ്പക്ഷത എന്നൊന്നില്ല.

### പരിഭ്രമിക്കുന്ന പ്രസ്താവന
### (മത്തായി 12:31, 32)

31ഉം 32ഉം വാക്യങ്ങളിലെ ''പരിഭ്രമിക്കുന്ന പ്രഖ്യാപനത്തിനായി" നാം തയ്യാർ

31–ാം വാക്യം ആരംഭിക്കുന്നതു, "അതുകൊണ്ടു ഞാൻ നിങ്ങളോടു പറയുന്നതു, [സംഭവിച്ചതിന്റെ അടിസ്ഥാനത്തിൽ, അവർ അങ്ങനെ പറഞ്ഞതിനാൽ, ഞാൻ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ] സകല പാപവും ദൂഷണവും മനുഷ്യരോടു ക്ഷമിക്കും, ആത്മാവിനു

നേരെയുള്ള ദൂഷണമോ ക്ഷമിക്കയില്ല." യേശു പറഞ്ഞത്, "ഞാൻ പറയുന്നതല്ലാത്ത മറ്റ് പാപങ്ങളെല്ലാം ഞാൻ നിങ്ങളോടു ക്ഷമിക്കും."

യേശു സൂചിപ്പിച്ച ''ദൂഷണം'' എന്താണ്? ''ദൂഷണം'' എന്ന തർജ്ജിമ വാക്കിന്റെ മൂലഭാഷയിലെ അർത്ഥം ''എതിരായി സംസാരിക്കൽ'' എന്നാണ്. പ്രത്യേകിച്ചു ദൈവത്തിനെതിരായ സംസാരം എന്ന ദൂഷണം ആയും, വിശുദ്ധമായവയെ അനാദരിക്കലും ഇതിൽപെടുന്നു. പഴയ നിയമത്തിൽ ദൂഷണം മരണ ശിക്ഷയ്ക്കു യോഗ്യമായ പാപമായികണക്കാക്കിയിരുന്നു. അതിനു വിപരീതമായി യേശു പറഞ്ഞു, ''സകല പാപവും ദൂഷണവും മനുഷ്യരോടു ക്ഷമിക്കും'' എന്നാണ്. പൌലോസിൽ ദൂഷണം എന്ന കുറ്റം മുമ്പുണ്ടായിരുന്നു, എന്നാൽ അവൻ ക്ഷമിക്കപ്പെട്ടു (1 തിമൊഥെയോസ് 1:13, 15).

മറ്റു എല്ലാ ദൂഷണവും ക്ഷമിക്കുമെന്നു, യേശു പറഞ്ഞ ശേഷം, പറഞ്ഞതു, ''പരിശുദ്ധാത്മാവിനു നേരെയുള്ള ദൂഷണമോ ക്ഷമിക്ക*യില്ല*'' (വാക്യം 31; എംഫസിസ്മെൻ). അതു ഭയപ്പെടുത്തുന്നതാണ്, അല്ലേ?

പരിശുദ്ധാത്മാവിനെതിരായുള്ള ദൂഷണത്തെക്കുറിച്ചു കൂടുതലായി നാം അടുത്ത വാക്യത്തിൽ, പഠിക്കുന്നുണ്ട്: ''ആരെങ്കിലും മനുഷ്യപുത്രനു നേരെ ഒരു വാക്കു പറഞ്ഞാൽ, അതു അവനോടു ക്ഷമിക്കും; പരിശുദ്ധാത്മാവിനു നേരെ പറഞ്ഞാലോ, ഈ ലോകത്തിലും, വരുവാനുള്ളതിലും, അവനോടു ക്ഷമിക്കയില്ല'' (വാക്യം 32).

*ക്ഷമിക്കപ്പെടാത്ത* പാപം എന്താണെന്നതിനെക്കുറിച്ചു വർഷങ്ങളായി പലവിധത്തിലുള്ള സിദ്ധാന്തങ്ങൾ രൂപപ്പെട്ടിട്ടുണ്ട്. ചിലർ അതു വ്യഭിചാരമെന്നു പറഞ്ഞിട്ടുണ്ട്. വേറെ ചിലർ ഇതു കുലപാതക മാണെന്നു പറഞ്ഞിട്ടുണ്ട്. ആത്മഹത്യയാണ് അതെന്നു പൊതുവായി വർഷങ്ങളോളം പറഞ്ഞു കേട്ടിട്ടുണ്ട്, ഒരാൾ സ്വയം കൊല്ലപ്പെടുന്നതു കൊണ്ട്, അയാൾക്കു പിന്നെ മാനസാന്തര പ്പെടുവാൻ സാദ്ധ്യമല്ല എന്ന കാരണത്താലാണ്, അങ്ങനെ പറയുന്നത്. അതു എങ്ങനെയായാലും, ക്ഷമിക്കപ്പെടാതിരുന്ന പാപമാണ്, *ക്ഷമിക്കപ്പെടാത്ത* പാപമല്ല. യേശു പറഞ്ഞ പാപം, അതു ചെയ്തിട്ടു *ക്ഷമിക്കപ്പെടാത്ത* ഒന്നാണ്. ആ പാപശേഷം അയാൾ എത്ര കാലം ജീവിച്ചാലും ഇല്ലെങ്കിലും ഫലം ഒന്നാണ്.

ആ പാപം എന്താണെന്നു ഊഹിക്കേണ്ട ആവശ്യമില്ല. അതെന്താണെന്നു യേശു തന്നെ പറഞ്ഞിട്ടുണ്ട്. "പരിശുദ്ധാത്മാവിനു എതിരായ ദൂഷണം'' 28-ാം വാക്യത്തിൽ യേശു പറഞ്ഞു താൻ ഭൂതങ്ങളെ പുറത്താക്കിയത് ''ദൈവാത്മാവിനാലാണ്,'' എന്നാൽ പരീശന്മാർ അവകാശപ്പെട്ടത് ഭൂതങ്ങളുടെ തലവനായ

ബെയൽസെബൂലിനെ കൊണ്ടാണ് എന്നത്രെ. ഫലത്തിൽ, പരീശന്മാർ ദൈവാത്മാവിനെ ബെയൽസെബുൽ എന്നാണ് വിളിച്ചത്.

''ഇതു തന്നെയാണ് യേശു പറഞ്ഞത് എന്നു നിങ്ങൾക്കു തീർച്ചയുണ്ടോ?,'' എന്നു ചിലർ ചോദിച്ചേക്കാം. ചുരുക്കമായി മർക്കോസ് 3-ലെ ഒരു വാക്യസൂചന നോക്കുക. 28ഉം 29ഉം വാക്യങ്ങളിൽ ഇതേ ക്ഷമിക്കപ്പെടാത്ത പാപത്തെ പറ്റി പ്രസ്താവിച്ച ശേഷം മർക്കൊസ്, 30-ാം വാക്യത്തിൽ അതിന്റെ വിശദീകരണം നല്കുന്നുണ്ട്: ''അവർ പറഞ്ഞിരുന്നു, 'അവനു അശുദ്ധാത്മവ് ഉണ്ടായിരുന്നു.'" മറ്റൊരു വിധത്തിൽ, പരീശന്മാർ ക്ഷമിക്കപ്പെടാത്ത പാപം ചെയ്തു. എന്തെന്നാൽ യേശുവിലുണ്ടായിരുന്നതു *ദൈവാത്മാവല്ല*, അശുദ്ധാത്മാവാണ് എന്ന് അവർ പറഞ്ഞു.

മത്തായി 12:32-ൽ, പറയുന്നതു, "ഈ ലോകത്തിലും, വരുവാനുള്ള ലോകത്തിലും ഇതു അവനോടു ക്ഷമിക്കില്ല എന്നാണ്" ഇതിനർത്ഥം ചില പാപങ്ങൾ "വരുവാനുള്ള ലോകത്തിൽ" ക്ഷമിക്കുമെന്നാണോ? അല്ല. ഈ പാപം "ഒരിക്കലും, ഒരിക്കലും, *ഒരിക്കലും* ക്ഷമിക്കുകയില്ല എന്നു യേശു ഊന്നി പറയുന്നതാണ്!"

ചിലർ വിചാരിക്കുന്നതു പരീശന്മാർ വാസ്തവത്തിൽ ക്ഷമിക്കപ്പെടാത്ത പാപം ചെയ്തിരുന്നില്ല എന്നാണ്, അതു വെറും *മുന്നറിയിപ്പു* മാത്രമായിരുന്നു എന്നാണ് അവരുടെ വാദം. അവർ വിചാരിക്കുന്നത് യേശു ഇപ്രകാരം പറഞ്ഞു എന്നാണ്. ''ഞാൻ ഭൂമിയിലായിരിക്കുമ്പോൾ നിങ്ങൾ*ക്കെന്നെ* തള്ളിക്കളയാം. പക്ഷേ പരിശുദ്ധാത്മാവു വന്നു പുതിയനിയമം, പൂർണ്ണമായി വെളിപ്പെടുത്തി കഴിഞ്ഞാൽ പിന്നെ ആ വെളിപ്പാട് തള്ളിക്കളഞ്ഞാൽ, *പിന്നെ* നിങ്ങളോട് ഒരിക്കലും ക്ഷമിക്കയില്ല എന്നാണ്." ഒരു പക്ഷെ യേശു പറഞ്ഞതു അതായിരിക്കാം. പക്ഷെ അവർ പറയുന്നതിനോടു പൂർണ്ണമായി യോജിക്കാൻ കഴിയുന്നില്ല, കാരണം അവർ പറയുന്നതു പരീശന്മാർ ക്ഷമിക്കപ്പെടാത്ത പാപം ചെയ്തിട്ടില്ല എന്നാണ്. സന്ദർഭം നാം സ്വാഭാവികമായി വായിച്ചാൽ യേശുവിന്റെ വാക്കുകൾ വെറും മുന്നറിയിപ്പു മാത്രമല്ല എന്നും പരീശന്മാർ ആ പാപം ചെയ്തിരുന്നു എന്നും വ്യക്തമാകും. മത്തായി 23-ൽ; യേശു പരീശന്മാരെ വിലയിരുത്തിയതു നികൃഷ്ട സ്വഭാവക്കാരായിട്ടാണ്.

പിന്നെ, യേശു പറഞ്ഞപ്പോൾ അർത്ഥമാക്കി*യത്*, "മനുഷ്യപുത്രന് നേരെ, ആരെങ്കിലും സംസാരിച്ചാൽ, അവനോടു ക്ഷമിക്കും; എന്നാൽ പരിശുദ്ധാത്മാവിനെതിരെ ആരെങ്കിലും പറഞ്ഞാൽ, അവനോടു ക്ഷമി ക്കയില്ല"?

മത്തായി 11-ലേയ്ക്കു മടങ്ങി വന്നാൽ: പരീശന്മാർ യേശുവിനെ തിന്നിയും കുടിയനുമായിട്ടാണ് പറഞ്ഞത്. 12-ാം അദ്ധ്യായത്തിൽ അവർ യേശുവിനോട് ശബ്ബത്തുമായ ബന്ധത്തിൽ വളരെ പരുഷമായിട്ടാണ്

സംസാരിച്ചത്. മത്തായി 12:14-ൽ "പരീശന്മാരോ പുറപ്പെട്ട് അവനെ നശിപ്പിക്കാൻ, വേണ്ടി അവനു വിരോധമായി തമ്മിൽ ആലോചിച്ചു" എന്നു കാണാം. ഇവയെല്ലാം ഒരു *വ്യക്തി* എന്ന നിലയിലുള്ള വിരോധമായി തീർന്നു. പിന്നെയാണ് യേശു ഭൂതങ്ങളെ പുറത്താക്കിയത് പിശാചിന്റെ ശക്തിയാലാണ് എന്നു പറഞ്ഞത് (വാക്യം 24). ഫലത്തിൽ യേശു അപ്പോഴാണു പറഞ്ഞത്, "നിങ്ങൾ വളരെ ദൂരം പോയിരുന്നു. *ഇപ്പോൾ* നിങ്ങൾ എന്നെ ഒരു വ്യക്തി എന്നനിലയിൽ ആക്രമിച്ചു കഴിഞ്ഞു. എന്നിലുള്ള *ശക്തി* ദൈവത്തിന്റേതല്ല, പിശാചിന്റേതാണ് എന്നാണ് പറയുന്നത്. ഞാൻ ഇതു ചെയ്യുന്നതു ദൈവാത്മാവിനാലാണ്; എന്നാൽ നിങ്ങൾ പറയുന്നു, അശുദ്ധാത്മാവിനാലാണ് എന്ന് പരിശുദ്ധാത്മാവിനെ സാത്താൻ എന്നു വിളിക്കുന്ന ഒരവസ്ഥ പറയുന്നതു ആത്മീയമായി തിരിച്ചുവരാൻ സാധിക്കാത്ത ഒന്നായിതീരുന്നു!"

ഈ വാക്കുകളാൽ, ചെയ്ത *പ്രത്യേകപാപം* നമുക്കു ചെയ്യാൻ സാദ്ധ്യമല്ല. അവൻ അന്നു ഭൂമിയിൽ നടന്നു ചെയ്തതു പോലെ ഇന്നു ചെയ്യുന്നില്ല. അവനോടു നീ ചെയ്യുന്ന ഈ അത്ഭുതം ബെയൽസെബൂലിനെ കൊണ്ടാണു ചെയ്യുന്നതു എന്നു ഇന്നു പറയാൻ കഴിയുകയില്ല. അതുകൊണ്ടു, ആ പ്രത്യേക പാപം ഇന്നു ആർക്കും ചെയ്യാൻ കഴിയില്ല. യേശു പറഞ്ഞ ആ പാപം നിങ്ങൾ ചെയ്തിട്ടുണ്ടെന്നു വിചാരിച്ചു അതു നിങ്ങളെ വിഷമിപ്പിക്കുന്നുണ്ടെങ്കിൽ അതു മറന്നു കളയുക. നിങ്ങൾക്കു അങ്ങനെയുള്ള പാപം ചെയ്യാൻ കഴിയുകയില്ല.

എന്നിരുന്നാലും *പൊതുവായി, അത്തരം പാപങ്ങൾ,* ചെയ്യാൻ നിങ്ങൾക്കു കഴിയും. വീണ്ടും നമുക്കു മർക്കൊസ് 3-ലേയ്ക്കു, പോകാം. മർക്കൊസ് ഈ സംഭവത്തെ വിവരിക്കുന്നതു നോക്കാം. വാക്യം 29 പറയുന്നു, "പരിശുദ്ധാത്മാവിന്റെ നേരെ ദൂഷണം പറയുന്നവനോ ഒരുനാളും ക്ഷമകിട്ടാതെ നിത്യശിക്ഷയ്ക്കു യോഗ്യനാകും". "നിത്യപാപത്തിന്റെ കുറ്റം," എന്നല്ല അവിടെ പറഞ്ഞിരിക്കുന്നതു എന്നാൽ "ഒരു നിത്യപാപത്തിന്റെ കുറ്റമാണ്."[4] എന്നു ശ്രദ്ധിക്കുക. ചില പാപങ്ങൾ നിത്യമാണ്. ചില പാപത്തിൽനിന്നു ഒരിക്കലും മോചനമില്ല. ചില പാപങ്ങൾ ഒരിക്കലും ക്ഷമിക്കയുമില്ല.

അത്തരം പാപത്തെക്കുറിച്ചു യോഹന്നാൻ തന്റെ ഒന്നാം ലേഖനത്തിൽ പറയുന്നുണ്ട്:

> സഹോദരൻ മരണത്തിനല്ലാത്ത പാപം, ചെയ്യുന്നതു ആരെങ്കിലും കണ്ടാൽ അപേക്ഷിക്കാം. ദൈവം അവനു ജീവനെ കൊടുക്കും മരണത്തിനല്ലാത്ത പാപം ചെയ്യുന്നവർക്കു തന്നേ മരണത്തിനുള്ള പാപം ഉണ്ട്; അതിനെ കുറിച്ചു അപേക്ഷിക്കണം എന്നു ഞാൻ പറയുന്നില്ല. ഏതു അനീതിയും പാപം ആകുന്നു, മരണത്തിനല്ലാത്ത പാപം ഉണ്ടുതാനും (1 യോഹന്നാൻ 5:16, 17).

ആ പ്രയോഗം ശ്രദ്ധിക്കുക "മരണത്തി*നുള്ള* പാപം" ആ പാപം ചെയ്താൽ പിന്നെ മരണത്തെ മാത്രം നോക്കിയിരുന്നാൽ മതി (അതു മത്തായി 12ലേതു, പോലെ ഭയപ്പെടുത്തുന്നതാണ് അല്ലേ?)

"മരണത്തിനുള്ള പാപം" എന്നാൽ എന്ത*ാണ്?* എന്താണ് "നിത്യ പാപം"? ആ വേദഭാഗത്തിൽ താഴോട്ടുള്ള ഭാഗത്തിലേയ്ക്കു കടക്കാം.

**ഗൗരവമായ അഭ്യർത്ഥന**

**(മത്തായി 12:33-35)**

മത്തായി 12 ന്റെ അടുത്ത ഭാഗത്താണ് "ഗൗരവമായ അഭ്യർത്ഥന."

പരിശുദ്ധാത്മാവിനെതിരായുള്ള ദൂഷണം എന്ന പ്രസ്താവനയ്ക്കു ശേഷം തന്റെ ഇഷ്ടപ്പെട്ട ഒരു ചിത്രീകരണം യേശു നല്കുന്നുണ്ട്. ''ഒന്നുകിൽ വൃക്ഷം നല്ലതു; ഫലവും നല്ലതു എന്നു വെപ്പിൻ അല്ലായ്കിൽ വൃക്ഷം ചീത്ത, ഫലവും ചീത്ത എന്നു വെപ്പിൻ; ഫലം കൊണ്ടല്ലോ വൃക്ഷം അറിയുന്നതു" (വാക്യം 33). അവൻ പറഞ്ഞതു, "എന്റെ ജീവിതത്തിലെ ഫലം നോക്കി എന്റെ സ്വഭാവത്തെ നിങ്ങൾക്കു അറിയാൻ കഴിയും എന്നാണ്. ഞാൻ ആളുകളെ സൌഖ്യമാക്കുന്നു, സഹായിക്കുന്നു, ഭൂതങ്ങളെ പുറത്താക്കുന്നു. എന്റെ ഫലം നല്ലതാകയാൽ സ്വഭാവം നല്ലതാണെന്നു നിങ്ങൾക്കറിയാം. പരീശന്മാരോ?അവരുടെജീവിതത്തിന്റെ ഫലങ്ങൾ ദോഷമുള്ളവയാണ്. അതുകൊണ്ടവർ ദുഷ്ടരായിരിക്കണം."

ബെയൽസെബൂലിനെ കൊണ്ടു അവൻ ഭൂതങ്ങളെ പുറത്താക്കുന്നു എന്ന പ്രസ്താവന മാത്രം ആസ്പദമാക്കിയല്ല യേശു അവരോടു സംസാരിച്ചതു. പിന്നെയോ, പരീശന്മാരുടെ മൊത്തത്തിലുള്ള ജീവിതത്തെ കണ്ടു കൊണ്ടാണ്, അവർ ഏതു തരത്തിലുള്ള ആളുകളാണ് എന്നറിഞ്ഞു സംസാരിക്കയായിരുന്നു!

34ഉം 35ഉം വാക്യങ്ങളിൽ അവൻ തുടരുന്നു:

> സർപ്പസന്തതികളേ [അങ്ങനെയാണ് യോഹന്നാനും,യേശുവും പരിശൻമാരെക്കുറിച്ച് പറഞ്ഞത്], നിങ്ങൾ, ദുഷ്ടരായിരിക്കേ, നല്ലതു സംസാരിപ്പാൻ എങ്ങനെ കഴിയും? [ശ്രദ്ധിക്കുക:] ഹൃദയം നിറഞ്ഞു കവിയുന്നതിൽ നിന്നല്ലോ വായ് സംസാരിക്കുന്നതു. നല്ല മനുഷ്യൻ തന്റെ നല്ല നിക്ഷേപത്തിൽ നിന്നു നല്ലതു പുറപ്പെടുവിക്കുന്നു; ദുഷിച്ച മനുഷ്യൻ തന്റെ ദുഷിച്ച നിക്ഷേപത്തിൽ നിന്നു ദുഷിച്ചതു പറപ്പെടുവിക്കുന്നു.

ദൂഷണം പറയുകയുണ്ടായി, പക്ഷെ എവിടെ നിന്നാണ് ദൂഷണ വാക്കുകൾ വന്നതു? ആ വാക്കുകൾ *അവരുടെ ഹൃദയങ്ങളിൽ നിന്നാണു* വന്നത്. യേശു അവരുടെ ഹൃദയങ്ങളെ അറിഞ്ഞിരുന്നു എന്നോർക്കുക (വാക്യം 25). അവർ ഉച്ചരിച്ച ചില *വാക്കുകൾ;*

നിമിത്തമല്ല യേശു പരീശന്മാരോടു സംസാരിച്ചത്. പിന്നെയോ അവരുടെ *ഹൃദയ* നിരൂപണം മനസ്സിലായിട്ടാണ്.

മത്തായി എഴുതിയ സുവിശേഷത്തിലെ അടുത്ത അദ്ധ്യായം ഒന്നു കണ്ണോടിക്കാം. വിതയ്ക്കുന്നവന്റെ ഉപമയോടു കൂടിയാണ് 13-ാം അദ്ധ്യായം ആരംഭിക്കുന്നത്. യേശു ഇവിടെ പറഞ്ഞ ആദ്യത്തെ മണ്ണു കടുപ്പമുളള ഒന്നായി പറഞ്ഞിരിക്കുന്നു. അതു, സത്യമെന്ന വിത്തു മുളയ്ക്കുവാൻ സാദ്ധ്യമല്ലാത്ത പ്രതലം. അങ്ങനെ അവിടെ കിടക്കുന്ന വിത്തുകൾ പറവകൾ [പിശാച്] വന്നെടുത്തുകളയും. ഈ സന്ദർഭത്തിൽ ഏതു തരം ഹൃദയമാണ് പരീശന്മാർക്കുണ്ടായിരുന്നത് എന്നു യേശു വ്യക്തമാക്കുകയാണ് - സുവിശേഷ സന്ദേശം മുളയ്ക്കാതിരിക്കത്തക്കവണ്ണം കഠിനപ്പെട്ടിരിക്കുന്നു!

കുറച്ചു കഴിഞ്ഞ്, യേശു പറഞ്ഞു,

> നിങ്ങൾ ചെവിയാൽ കേൾക്കും, ഗ്രഹിക്കയില്ലതാനും,കണ്ണാൽ കാണും ദർശിക്കയില്ലതാനും, ഈ ജനത്തിന്റെ ഹൃദയം തടിച്ചിരിക്കുന്നു. അവർ ചെവി കൊണ്ടു മന്ദമായി കേൾക്കുന്നു, കണ്ണടച്ചിരിക്കുന്നു അവർ കണ്ണു കാണാതെയും ചെവികേൾക്കാതെയും ഹൃദയം കൊണ്ടു ഗ്രഹിക്കാതെയും തിരിഞ്ഞു കൊളളാതെയും, ഞാൻ അവരെ സൗഖ്യമാക്കാതെയും ഇരിക്കേണ്ടതിനു തന്നെ (മത്തായി 13:15).

യേശു പരീശന്മാരെ കുറിച്ചാണ് പറഞ്ഞത്. അവൻ അവരുടെ ഹൃദയത്തിന്റെ അവസ്ഥയെയാണ് സൂചിപ്പിച്ചത്. അവർ സംസാരിച്ച വെറും വാക്കുകൾ കാരണമല്ല എന്നു സ്പഷ്ടം അവരുടെ കഠിനമായിപോയ മനസാക്ഷിയുടെ ലക്ഷണങ്ങളായിരുന്നു അവരുടെ വാക്കുകൾ, വീണ്ടും വീണ്ടും അവർ അവനെതിരായി സംസാരിച്ചു കൊണ്ടിരുന്നു. മൂന്ന് അത്ഭുതങ്ങൾ അടങ്ങുന്ന ഒരു വിസ്മയകരമായ അത്ഭുതം യേശു ചെയ്തപ്പോൾ അതു സാത്താന്റെ ശക്തിയായി അതിനെ വിലയിരുത്തി, ഇതു തെളിയിക്കുന്നതു നിങ്ങൾ മാനസാന്തരപ്പെടുവാൻ കഴിയാത്ത സ്ഥിതിയിൽ എത്തിയിരിക്കുന്നു എന്നാണ് അവൻ പറഞ്ഞത്. അതുകൊണ്ട് അവർക്കു ക്ഷമാപണമില്ല.

*മാനസാന്തരപ്പെടുവാൻ കഴിയുന്ന ഏതു പാപവും ക്ഷമിക്കപ്പെടും* എന്ന് കൂടുതൽ ശക്തമായി ഊന്നി പറയുവാൻ എനിക്കു കഴിയില്ല. ഒരു വ്യക്തി പാപം ചെയ്യുകയും ദൈവത്തിനു അതു ക്ഷമിക്കുവാൻ സാദ്ധ്യമല്ല എന്നു പറഞ്ഞാൽ അതു ദൈവത്തെ കുറച്ചുമാത്രം പറയുകയും മനുഷ്യനെ കൂടുതലായി പറയുകയുമാണ് ചെയ്യുന്നത്. നിങ്ങൾക്കു മാനസാന്തരപ്പെടുവാൻ കഴിയുന്ന ഏതു പാപവും ദൈവത്തിനു ക്ഷമിക്കാൻ പറ്റും.

പരീശന്മാരുടെ ഹൃദയം *കഠിനപ്പെട്ടതു* പോലെ നിങ്ങളുടെ

ഹൃദയവും കഠിനപ്പെടുവാൻ സാദ്ധ്യതയുണ്ട് എന്നത് ഒരു വസ്തുതയാണ്. മാനസാന്തരപ്പെടുവാൻ കഴിയാത്ത ഒരവസ്ഥയിൽ എത്തിച്ചേരുവാനും സാദ്ധ്യതയുണ്ട്. ശ്രദ്ധയോടെ പ്രാർത്ഥനയോടെ എബ്രായർ 6:4–6 പരിഗണിക്കുക:

> ഒരിക്കൽ പ്രകാശനം ലഭിച്ചിട്ടു സ്വർഗ്ഗീയദാനം ആസ്വദിക്കയും പരിശുദ്ധാത്മാവിനെ പ്രാപിക്കയും, ദൈവത്തിന്റെ നല്ല വചനവും വരുവാനുള്ള ലോകത്തിന്റെ ശക്തിയും ആസ്വദിക്കയും ചെയ്തവർ പിന്മാറിപ്പോയാൽ, തങ്ങൾക്കു തന്നെ ദൈവപുത്രനെ വീണ്ടും ക്രൂശിക്കുന്നവരും, അവനു ലോകാപവാദം വരുത്തുന്നവരും ആകകൊണ്ടു അവരെ പിന്നെയും മാനസാന്തരത്തിലേയ്ക്കു പുതുക്കുവാൻ കഴിവുള്ളതല്ല.

മുഖ്യപ്രയോഗം ശ്രദ്ധിക്കുക: ''അവരെ പിന്നെയും മാനസാന്തരത്തിലേയ്ക്കു പുതുക്കുവാൻ കഴിവുള്ളതല്ല" സുവിശേഷത്തെ തള്ളിക്കളഞ്ഞേക്കാവുന്ന ഒരു സ്ഥിതിയിലെത്തിയേക്കാം. നിങ്ങളെ സ്നേഹിക്കുന്നവരുടെ നിർദ്ദേശങ്ങളെ, നിങ്ങളെ സഹായിക്കുന്നവരെ അവഗണിക്കുന്ന ഒരവസ്ഥയിൽ എത്തിച്ചേർന്നേക്കാം. നിങ്ങളുടെ ഹൃദയം അല്പം മരവിക്കാൻ തുടങ്ങും (കടുപ്പം കൂടി, ചൂടു വെച്ചവരായി തീരും – മറ്റു ബൈബിൾ പ്രയോഗങ്ങൾ ഉപയോഗിക്കാം). അവസാനം, മടങ്ങിവരാൻ പറ്റാത്ത അസ്ഥയിൽ നിങ്ങൾ എത്തിച്ചേരും.

അതുകൊണ്ടു, എബ്രായ ലേഖകൻ മുന്നറിയിക്കുന്നു: "പരിശുദ്ധാത്മാവ് അരുളിച്ചെയ്യുന്നതു പോലെ, 'ഇന്നു നിങ്ങൾ അവന്റെ ശബ്ദം കേൾക്കുന്നുവെങ്കിൽ, മരുഭൂമിയിൽ വെച്ചു പരീക്ഷാ ദിവസത്തിലെ മത്സരത്തിലെന്ന പോലെ *നിങ്ങളുടെ ഹൃദയം കഠിനമാക്കരുത്*' " (3:7, 8; എംഫസിസ്മൈൻ).

**ഉപസംഹാരം**

വീണ്ടും ഞാൻ പറയുന്നു: ഇത്തരം പാപം ചെയ്യുന്നു എന്ന *തോന്നൽ* ഉണ്ടെങ്കിൽ, അങ്ങനെ ഇല്ല; കാരണം നിങ്ങളുടെ ഹൃദയം ഇപ്പോഴും ലോലമാണ്, നിങ്ങളിൽ ഇപ്പോഴും കരുതൽ ഉണ്ട്.

എങ്ങനെയായാലും, ഈ സാദ്ധ്യതയെ നാം എപ്പോഴും അറിഞ്ഞിരിക്കണം: നാം മന: പൂർവ്വമായി പാപം ചെയ്യുന്നുണ്ടെങ്കിൽ, *ഏതു പാപമായാലും* – ''ആരെന്തു പറഞ്ഞാലും എനിക്കൊന്നുമില്ല എന്നുപറഞ്ഞാൽ, എനിക്കതിഷ്ടമാണ്, ഞാൻ അതു ചെയ്ക തന്നെ ചെയ്യും'' – എന്ന നിലയിലാണെങ്കിൽ നമ്മുടെ ഹൃദയം കൂടുൽ കഠിനപ്പെടുകയാണ്. ഇങ്ങനെ സംഭവിക്കാൻ നാം വിട്ടു കൊടുത്താൽ നമ്മെ മാനസാന്തരത്തിലേയ്ക്കു പുതുക്കുവാൻ കഴിയാത്ത അവസ്ഥയിലെത്തി ചേരും. ഇതിനെ കുറിച്ചു ബൈബിളിൽ വളരെ

സ്പഷ്ടമായി പറയുന്നു. നാം മാനസാന്തരപ്പെട്ടില്ലെങ്കിൽ, നാം ക്ഷമിക്കപ്പെടുകയില്ല.

യേശു ചെയ്ത പോലെ ഹൃദയത്തെ നോക്കുവാൻ നമുക്കു കഴിയില്ല. എപ്പോഴാണ് ഒരാൾ ആ അവസ്ഥയിൽ എത്തുന്നത്, എന്നു മറ്റൊരാളെ കുറിച്ചു നമുക്കു പറയാൻ കഴിയില്ല. എന്നാൽ അതെപ്പോൾ സംഭവിക്കുന്നു എന്നു ദൈവത്തിനറിയാം. അതു സംഭവിക്കുമ്പോൾ ദൈവം അവനിൽ പ്രവർത്തിക്കും (റോമർ 1:24; കെ.ജെ.വി) എത്ര വേദനാജനകം![6] ദൈവം നമുക്കു എപ്പോഴും മൃദുല ഹൃദയങ്ങൾ തരുമാറാകട്ടെ!

---

കുറിപ്പുകൾ

[1]പ്രസംഗത്തിലായാലും, ക്ലാസിലായാലും ആളുകളോടു ഞാൻ കൈകൾ പൊക്കാൻ ആവശ്യപ്പെടാറുണ്ട്. [2]ഇതേ സംഭവം മർക്കൊസ് 3 വിവരിക്കുന്നുണ്ട്. ലൂക്കൊസും ഇതു വിവരിക്കുന്നുണ്ട്, പക്ഷെ നാം താല്പര്യപ്പെടുന്ന പ്രസ്താവന ആ ഭാഗത്തിലല്ല. പല അദ്ധ്യായങ്ങൾ കഴിഞ്ഞ് കാണാം – ലൂക്കൊസ് 12:10. [3]കൊലൊസ്യർ 2:14,15; വെളിപ്പാട് 12:10, 11. [4]ഗ്രീക്കിൽ "ഒരു"; എന്നതിനു വാക്കില്ല. ഡെഫനിറ്റ് ആർട്ടിക്കിളുമില്ല ("ദി" എന്നു തർജ്ജിമ ചെയ്തിട്ടുണ്ട്). ഈ വേദഭാഗം "നിത്യപാപത്തിന്റെകുറ്റമായിട്ടും" തർജ്ജിമ ചെയ്തിട്ടുണ്ട് എന്നിരുന്നാലും അത്തരം പാപത്തെ "നിത്യമായവ" എന്നു വിളിച്ചിരിക്കുന്നു. [5]മത്തായി 23:33. [6]ഇതു ഒരു പ്രസംഗത്തിനായി ഉപയോഗിക്കുമ്പോൾ നല്ലൊരു ഉപസംഹാരം ഇതാ: "നാം ക്ഷണിച്ചുകൊണ്ടുള്ള ഒരു പാട്ടുപാടുവാൻ പോകുന്നു. ക്ഷണിച്ചുകൊണ്ടുള്ള പാട്ട് അപകടകരമായ – ഒന്നാണ് കാരണം ഒരാൾ പ്രതികരിക്കേണ്ടതിന്നു പ്രതികരിച്ചില്ലെങ്കിൽ, അയാളുടെ ഹൃദയം കഠിനപ്പെട്ടുപോകും. അതു പിന്നെ പ്രതികരിക്കാൻ പറ്റാതാകും. നിങ്ങൾക്കു ഒരു മൃദുല മനസാക്ഷിയുണ്ടാകുവാൻ ഞാൻ ആശിക്കയും പ്രാർത്ഥിക്കയും ചെയ്യുന്നു. ദയവായി, ദയവായി, ഹൃദയം കഠിനമാക്കാതിരിക്കുക."

---

**നിത്യമായ ഒരു പാപം**

പരിശുദ്ധാത്മാവിനു എതിരായുള്ള, ദൂഷണത്തെ യേശു സൂചിപ്പിച്ചതു ക്ഷമിക്കപ്പെടാത്ത ഒരു "നിത്യ പാപമായിട്ടാണ്," ഈ ഒരു പാപം മാത്രമല്ല അവരെ നശിപ്പിച്ചത്, എന്നാൽ ഇത് നിത്യമായ ഒന്നായി മാറി. അവരുടെ ദുഷ്ടത മറനീക്കി വന്നതു അധിക്ഷേപിക്കുന്നതിലൂടെ പ്രത്യേക പ്രകോപനമായിതീർന്നു. ഇതെല്ലാം യേശു നീതിമാനെന്ന അറിവോടെയാണ് അവർ ചെയ്തത്. അവരുടെ അറിവിനു വിപരീതമായിട്ടാണ് അവനിൽ അശുദ്ധാത്മാവ് ഉണ്ടെന്നു അവർ ആരോപിച്ചത്, അവർ സത്യത്തിനു പകരം അസത്യം എടുത്തു; വെളിച്ചത്തിനു പകരം ഇരുട്ടെടുത്തു, നീതിയ്ക്കു പകരം ദുഷ്ടതയും,

ചെയ്തു കർത്താവിനെതിരായി അവരുടെ കണ്ണുകളും ഹൃദയങ്ങളും അടച്ചുകളഞ്ഞു. സ്വർഗ്ഗീയ പ്രത്യാശയെ മായ്ച്ചു കളയുന്നതായിരുന്നു; അവരുടെ ദൂഷണ രീതി. അതേ രീതിയിലുള്ള കാഴ്ചയില്ലാത്ത, അർത്ഥശൂന്യമായ വിരോധം കർത്താവിനോടു വെച്ചു പുലർത്തിയാൽ അതേ ഫലം തന്നെ കിട്ടും എന്നു സംശയിക്കേണ്ടിയിരിക്കുന്നു ...

ഈ വാക്യങ്ങളിൽ പരിശുദ്ധാത്മാവിനെതിരെയുള്ള ദൂഷണം എന്നതിൽ ഏഴു വ്യത്യസ്ത പാപങ്ങൾ ഉണ്ടെന്നു സൂചിപ്പിക്കുന്നു (1) മോഹം (ഗലാത്യർ 5:16); (2) മറുത്തു നിൽക്കൽ (പ്രവൃത്തി 7:51); (3) ദുഖിപ്പിക്കൽ (എഫേസ്യർ 4:30); (4) വ്യാജം പ്രവൃത്തിക്കൽ (പ്രവൃത്തി 5:3); (5) നിന്ദിക്കൽ (എബ്രായർ 10:24); (6) ദൂഷണം (മർക്കൊസ് 3:29); (7) കെടുക്കൽ (1 തെസലോനിക്യർ 5:19) മറ്റെല്ലാ പാപത്തെയും പോലെ, ഈ പാപവും തുടർന്നു പോയാൽ ഫലം കെടുക്കലായി മാറും, ആത്മാവിൽ തീയിടുന്നതു പോലെയാകും അതു അവസാനം നിത്യമരണത്തിൽ കലാശിക്കും.

*മത്തായി എഴുതിയ സുവിശേഷത്തിന്റെ കമെന്ററി*
ബർട്ടൻ കോഫ്മാൻ